**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1181** **07-10-2021 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിലെ മലയോര ഹൈവേ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പാറശാല മണ്ഡലത്തിൽ കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ച അമരവിള - ചൂരവക്കാണി, കീഴാറൂർ - പശുവണ്ണറ - തെള്ളുക്കുഴി റിംഗ് റോഡ് കുടുവീട്ടുകടവ് പാലം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ടെണ്ടർ നടപടികൾ പൂർത്തിയാക്കി പദ്ധതികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | മലയോര ഹൈവേയിൽ കുടപ്പനമൂട് കള്ളിക്കാട് റീച്ചിലെ കുടപ്പനമൂട് മുതൽ വാഴിച്ചൽ വരെയുള്ള ഭാഗത്തെ അലൈൻമെന്റ് ഭേദഗതി വരുത്തി സമർപ്പിച്ചിരുന്ന ഡീവിയേഷൻ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | മലയോര ഹൈവേ - രണ്ടാം ഘട്ടം- കുടപ്പനമൂട് മുതൽ കള്ളിക്കാട് റീച്ചിലെ കുടപ്പനമൂട് മുതൽ വാഴിച്ചൽ വരെയുള്ള ഭാഗത്തെ അലൈൻമെന്റ് ഭേദഗതി വരുത്തുന്നതിനായിട്ടുള്ള സാദ്ധ്യതകൾ പരിശോധിച്ച് ഉചിതമായ തീരുമാനം നൽകുന്നതിനായി ഡയറക്ടർ, നാറ്റ്പാക്കിനു പാറശ്ശാല എം.എൽ.എ. ശ്രീ.സി.കെ.ഹരീന്ദ്രൻ അവറുകളുടെ കത്തും പുതുക്കിയ അലൈൻമെന്റിന്റെ രേഖാചിത്രവും 26.08.2021 തീയതിയിലെ 159/PWD013-05/PD/PMU-KRFB/HH/TVPM/2017 നം. കത്ത് മുഖാന്തിരം കൈമാറിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | മലയോര ഹൈവേ - രണ്ടാം ഘട്ടം- കുടപ്പനമൂട് മുതൽ കള്ളിക്കാട് റീച്ചിലെ കുടപ്പനമൂട് മുതൽ വാഴിച്ചൽ വരെയുള്ള ഭാഗത്തെ അലൈൻമെന്റ് ഭേദഗതി വരുത്തുന്നതിനായിട്ടുള്ള സാദ്ധ്യതകൾ പരിശോധിച്ച് ഉചിതമായ തീരുമാനം നൽകുന്നതിനായി ഡയറക്ടർ, നാറ്റ്പാക്കിനു പാറശ്ശാല എം.എൽ.എ. ശ്രീ.സി.കെ.ഹരീന്ദ്രൻ അവറുകളുടെ കത്തും പുതുക്കിയ അലൈൻമെന്റിന്റെ രേഖാചിത്രവും 26.08.2021 തീയതിയിലെ 159/PWD013- |

| | | | |
|---|---|---|---|
| | | | 05/PD/PMU-KRFB/HH/TVPM/2017 നം. കത്ത് മുഖാന്തിരം കൈമാറിയിട്ടുണ്ട്. |
| (ഡി) | നിർദ്ദിഷ്ട മലയോര ഹൈവേയുടെ തുടർച്ച നഷ്ടപ്പെടാതെ പ്രസ്തുത ഡീവിയേഷൻ നിർദ്ദേശം അംഗീകരിച്ച് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | നാറ്റ്പാക്കിന്റെ അഭിപ്രായം ലഭിക്കുന്ന ഉടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| നം | പ്രവൃത്തിയുടെ പേര് | സാമ്പത്തികാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | അമരവിള – കാരക്കോണം– ശൂരവക്കാണി റോഡ് | 90.93 കോടി | പ്രവൃത്തിയുടെ ഡിസൈൻ പുനഃപരിശോധന കിഫ്ബിയിൽ നടന്ന് വരികയാണ്. ആയത് പൂർത്തിയായതിനു ശേഷമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. പുതുക്കിയ ട്രാഫിക് സർവ്വേ നടപടികൾ കിഫ്ബിയുടെ TRC പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | പശുവന്നര അരുവിക്കര കീഴാറ്റൂർ റിങ് റോഡ് | 19.75 കോടി | പ്രവൃത്തിയുടെ ഡിസൈൻ പുനഃപരിശോധന കിഫ്ബിയിൽ നടന്ന് വരികയാണ്. ആയത് പൂർത്തിയായതിനു ശേഷമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| 3 | കുടുവീട്ടിൽ കടവ് പാലം | 12.35 കോടി | ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (R&R) പുനരധിവാസ പാക്കേജിനുള്ള കരട് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ